# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടുവം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.3/1639/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/01/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടുവം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.3/1639/22 തീയ്യതി: 30/01/2023

## കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2021 മുതൽ 05-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി. , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

2.ധന്യ. എം. ,ഓഡിറ്റർ

3.പ്രമോദ്. കെ. , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി. ശ്രീമതി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. മൃദുല. എം. ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 13-04-2021 |
| ശ്രീ. പ്രമോദ്. ഡി എൻ | സെക്രട്ടറി | 14-04-2021 | 11-10-2021 |
| ശ്രീ.അനിൽ കുമാർ പി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-10-2021 | 22-10-2021 |
| ശ്രീ. പ്രമോദ്. ഡി എൻ | സെക്രട്ടറി | 23-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കൃഷ്ണ. പി എം | കൃഷി ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി. രാഗിഷ രാംദാസ് | കൃഷി ഓഫീസർ | 03-11-2021 | 31-03-2022 |
| ഡോ.റോഷിൻ എം റെജി | വെറ്റിനറി സർജൻ | 01-04-2021 | 21-07-2021 |
| ഡോ.സമീർ. കെ | വെറ്റിനറി സർജൻ | 22-07-2021 | 16-03-2022 |
| ഡോ.റോഷിൻ എം റെജി | വെറ്റിനറി സർജൻ | 17-03-2022 | 31-03-2022 |
| ശ്രീ.രജീഷ്.ടി. കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ സൈലേഷ് കുമാർ പി | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. രശ്മിത ടി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ജയപ്രകാശൻ. എ | മെഡിക്കൽ ഓഫീസർ , ആയുർവേദ | 01-04-2021 | 31-05-2021 |
| ഡോ.അനുപമ. കെ എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-06-2021 | 05-08-2021 |
| ഡോ.സീമ. ടി കെ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 06-08-2021 | 31-03-2022 |
| ഡോ. ധന്യ ഉണ്ണിക്കൃഷ്ണൻ | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി. പാർവ്വതി. ജി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 13-09-2021 |
| ശ്രീമതി. ബിന്ദ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2021 | 21-09-2021 |
| ശ്രീമതി.പാർവ്വതി. ജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-09-2021 | 15-11-2021 |
| ശ്രീമതി ഷമ്ന ഉണ്ണിക്കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-11-2021 | 24-11-2021 |

| | | | |
|---|---|---|---|
| ശ്രീ അനൂപ് കുമാർ കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 25-11-2021 | 10-02-2022 |
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-02-2022 | 04-03-2022 |
| ശ്രീമതി.നിമിഷ എം വി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-03-2022 | 31-03-2022 |
| ശ്രീ. വിജയ. കെ. ഇ | ഹെഡ്മിസ്ട്രസ് | 01-04-2021 | 01-12-2021 |
| ശ്രീ.സുരേഷ് ബാബു | ഹെഡ്മാസ്റ്റർ | 02-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | റോഡ് / ഫുട്പാത്ത് കോൺക്രീറ്റ് പ്രവൃത്തികൾ- ആസ്തി രജിസ്റ്റർ പ്രകാരമുള്ള അളവുകളുമായി പൊരുത്തപ്പെടാത്തതും മറ്റ് അപാകങ്ങളും | 1-6-1 |
| 9 | വർക്ക് ഷെഡ് നിർമ്മാണം- കുത്താട്- രേഖകൾ പരിശോധിക്കാതെ ആനുകൂല്യം നല്കി | 1-6-2 |
| 10 | ഭൂവികസന പ്രവർത്തനങ്ങൾ - രേഖകൾ പൂർണ്ണമല്ല | 1-6-3 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ- കണക്കുകൾ മുഴുവനായും ഉൾപ്പെടുത്താത്തത് | 1-7-1 |
| 13 | ക്യാഷ് ബാലൻസ് | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും മറ്റ് അപാകങ്ങളും | 1-10 |
| 16 | വസ്തുനികുതി അപാകങ്ങൾ | 1-11 |
| 17 | തനത് വരുമാനവർദ്ധനവിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. | 1-12 |
| 18 | സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിനു മുമ്പ് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു | 1-13 |
| 19 | ഐ.കെ.എമ്മിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-14 |
| 20 | ക്ഷാമബത്താ കുടിശിക നല്കിയതിലെ അപാകങ്ങൾ | 1-15 |
| 21 | നെൽ കൃഷി വികസനം ₹82620-തടസ്സപ്പെടുത്തുന്നു. | 1-16 |
| 22 | തരിശുനെൽകൃഷി-₹173000 തടസ്സപ്പെടുത്തുന്നു. | 1-17 |
| 23 | സുഭിക്ഷ കേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി(പടുതാക്കുളം)- മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. | 1-18 |
| 24 | പദ്ധതിച്ചെലവ് അപാകങ്ങൾ | 1-19 |
| 25 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ -മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല | 1-20 |

| | | |
|---|---|---|
| 26 | ലൈഫ് ഭവനപദ്ധതി | 1-21 |
| 27 | അങ്കണവാടി പോഷകാഹാര വിതരണം ന്യൂട്രിമിക്സ് വാങ്ങിച്ച തുകയിൽ നിന്ന് ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-22 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-23 |
| 29 | ആട് വിതരണം എസ്.സി-ഗുണഭോക്താക്കളെ ഗ്രാമ സഭ അംഗീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 30 | ഡോക്ടർ, ലാബ് അസിസ്റ്റന്റ് താൽക്കാലിക നിയമനം- രേഖകൾ ലഭ്യമാക്കിയില്ല- ₹795960 (235346+560614) തടസ്സപ്പെടുത്തുന്നു | 1-25 |
| 31 | ആശുപത്രിയിൽ ഡെന്റൽ ഒ പി സൗകര്യം ഒരുക്കൽ- രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുകയായ ₹238800 തടസ്സപ്പെടുത്തുന്നു. | 1-26 |
| 32 | വാങ്ങലുകൾക്ക് ടെണ്ടർ നടപടിക്രമം പാലിച്ചില്ല | 1-27 |
| 33 | സ്വാന്തനപരിചരണം പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-28 |
| 34 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ-മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. | 1-29 |
| 35 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ- ₹129080തടസ്സപ്പെടുത്തുന്നു. | 1-30 |
| 36 | ടെണ്ടർ ഫീസ് | 1-31 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ ബജറ്റ് 22.02.21 തീയതിയിലെ 53/21 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 26.03.22 ലെ 46/22 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9,29,573 | 50,76,558 |
| വരവ് | 7,89,38,500 | 12,07,73,232 |
| ആകെ | 7,98,68,073 | 12,58,49,790 |
| ചെലവ് | 7,91,11,000 | 11,66,95,329 |
| നീക്കിയിരിപ്പ് | 7,57,073 | 41,53,165 * |

* 9154463 രൂപയാണ് നീക്കിയിരിപ്പ് വരുന്നത്. സകർമ്മ മീറ്റിംഗ് മിനുട്സിൽ 4153165 രൂപയാണ് നീക്കിയിരിപ്പ് കാണിച്ചത്. മിനുട്സിൽ വരവുകൾ രേഖപ്പെടുത്തിയതിലെ അപാകങ്ങളും പരിഹരിക്കേണ്ടതാണ്.
ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പാസാക്കി നല്കുന്ന ബജറ്റ് അതേപടി അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചെയ്തത്.ജന്റർ ബജറ്റും പർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടകസ്ഥാപനങ്ങളുടെ നോൺപ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.22 | 27.04.2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ *20.04.22* ലെ *76/22* നമ്പർ തീരുമാനപ്രകാരമാണ് *2021-22* സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ്- 601334 രൂപ സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. എന്നാൽ 31.03.21 തീയതിയിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക 285334രൂപ മാത്രമായിരുന്നു. വികസന ഫണ്ട് ജനറൽ , എസ് സി പി അലോട്ട്മെന്റുകളിൽ നിന്നും ₹316000 കൂടുതലായി ഈടാക്കിയിട്ടുണ്ട്. തുക തിരിച്ചു കിട്ടുന്നതിന് സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2.2021-22 സാമ്പത്തിക വർഷത്തെ ബി 4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം- റവന്യൂ | 2,73,300 |
| ജില്ലാ പഞ്ചായത്ത് വിഹിതം- കാപ്പിറ്റൽ | 13,20,700 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- റവന്യൂ | 4,50,084 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-കാപ്പിറ്റൽ | 7,10,040 |

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ യഥാസമയം വിനിയോഗിക്കാത്ത തുക തിരിച്ചടക്കാതിരുന്നത് ശരിയല്ല.

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ഐ 6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും (₹3762603) സുലേഖ ചെലവു പത്രിക , എ

സി ആർ എന്നിവ പ്രകാരമുള്ള തുകയും(₹51,52,405) തമ്മിൽ പൊരുത്തപ്പെടുന്നില്ല.ഇതിൽ 1435284രൂപ അൺക്യാഷ്ഡ് ചെക്ക് ആയതിനാൽ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലുള്ള തുകയ്ക്ക് ചെലവനുമതി ലഭിക്കുന്നതിനു മുമ്പ് എ സി ആർ ലും സുലേഖയിലും രേഖപ്പെടുത്തിയത് ശരിയല്ല. ബാക്കി വരുന്ന 45482രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

4.ഇൻകം ടാക്സ് ഡിഡക്ടഡ് അറ്റ് സോഴ്സ് - ₹8015, ബാധ്യതയായി ബി 9 ഷെഡ്യൂളിൽ ചേർത്തിട്ടുണ്ട്. ഇതിൽ 2013-14 സാമ്പത്തിക വർഷം ഈടാക്കിയ 7115 രൂപയും ഉൾപ്പെടുന്നു. പ്രസ്തുത തുക നാളിതു വരെ ഒടുക്കാതിരുന്നത് ഗുരുതരമായ അപാകമാണ്. അദർ ലയബിലിറ്റീസ് - ₹131178 ന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ടി എസ് ബി അക്കൗണ്ട് മുന്നിരിപ്പ് | 37012 |
| വിവിധ പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരൽ വില | 22133 |
| ഇലക്ട്രോണിക്ക് പ്രൂഫ് ഓഫ് ക്ലെയിം (ഇ പി ഒ സി) തുക തിരികെ ലഭിച്ചത് | 70033 |
| ഓഡിറ്റ് റിക്കവറി | 2000 |

ഒഴിഞ്ഞ ബാരൽ വില സഞ്ചിതനിധിയിലേക്ക് ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇ പി ഒ സി തിരികെ ലഭിച്ച തുക ഏതൊക്കെ ഇനങ്ങളിലുള്ളതാണെന്ന് കണ്ടെത്തി ഗുണഭോക്താക്കൾക്ക് നല്കുകയോ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.ടി എസ് ബി മുന്നിരിപ്പ് ബാധ്യതയായി ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5.ടി.എസ്.സി. ഫണ്ട് – 2020-21 ബി-4 ഷെഡ്യൂളിൽ 180978 രൂപയാണ് നീക്കിയിരിപ്പായി ചേർത്തത്. തൻവർഷം വരവില്ല. (RP31) ചെലവ് 21027. 2021-22-ലെ നീക്കിയിരിപ്പിൽ (₹169904) 9953 രൂപയുടെ വ്യത്യാസമുണ്ട്.

6.ഐ 18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് ഇനങ്ങളായി ക്രമീകരിച്ച തുകകൾ , ക്രമീകരിക്കാനുള്ള കാരണം നോട്ട് ഓൺ അക്കൗണ്ടായി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

7.വാർഷിക ധനകാര്യ പത്രികയിൽ വിവിധ ഹെഡുകളിലെ തുകകൾ പൂർണ്ണരൂപത്തിൽ ഉൾപ്പെടുത്താതിരുന്നതും (RP-40(a)40(b)) അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കാതിരുന്നതും അപാകങ്ങളാണ്.

8.സാമൂഹ്യ സുരക്ഷാ പെൻഷൻ – 1-6,1-14ഡി ഷെഡ്യൂളുകളിൽ കാണിച്ച വരവു ചെലവുകളിൽ 2020-21ലെ പെൻഷൻ നല്കുന്നതിനായി 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-7-1 ൽ ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,23,68,030 |
| വരവ് | 4,46,33,506 |
| ആകെ | 5,70,01,536 |
| ചെലവ് | 4,59,98,186 |
| നീക്കിയിരിപ്പ് | 1,10,03,350 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹14,19,460 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 97,92,028 | 97,92,028 | 97,44,872 | 47,156 |
| വികസനഫണ്ട്,എസ്.സി.പി | 0 | 28,15,766 | 28,15,766 | 27,56,754 | 59,012 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 37,22,000 | 37,22,000 | 36,73,012 | 48,988 |
| മെയിന്റനൻസ്ഗ്രാന്റ്,റോഡിതരം | 0 | 48,86,900 | 48,86,900 | 30,03,467 | 18,83,433 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് ബേസിക്ക് | 0 | 28,59,871 + 34001 (പലിശ) | 28,59,871 + 34001 (പലിശ) | 27,18,005 | 1,41,866 + 34001 (പലിശ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 48,93,718 | 48,93,718 | 24,34,400 | 24,59,318 |
| സാക്ഷരത | 1,520 | 20 | 1,540 | 0 | 1,540 |
| ശുചിത്വമിഷൻ ഗ്രാന്റ് | 12,73,447 | 20,970 | 1,29,44,417 | 8,75,000 | 4,19,417 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 52,000 | 62,833 | 52,000 | 1,14,833 | 52,000 |
| ലൈഫ് മിഷൻ-സംസ്ഥാന സർക്കാർ വിഹിതം | 8,80,000 | 0 | 8,80,000 | 8,80,000 | 0 |
| അംഗൻവാടി കുടിവെള്ളകണക്ഷൻ | 10,000 | 0 | 10,000 | 0 | 10,000 |
| ടി എസ് സി - സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 2,57,601 | 0 | 2,57,601 | 0 | 2,57,601 |
| ടി എസ് സി | 1,90,931(*) | 0 | 1,90,931 | 21,027 | 1,69,904 |
| എം ജി എൻ ആർ ഇ ജി എസ് | 1,978 | 1,73,05,989 | 1,73,07,967 | 1,73,07,967 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര സർക്കാർ വിഹിതം | 41,400 | 6,50,232 | 6,91,632 | 2,22,733 | 4,68,899 |
| എസ് എസ് എ | 29,570 | 149 | 29,719 | 29,719 (തിരിച്ചടവ്) | 0 |

(*)2020-21 സാമ്പത്തിക വർഷത്തെ ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക 1,80,978 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നിന്നു ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുന്നിരിപ്പ് 190931രൂപ .വ്യത്യാസം ₹9903

ഗ്രാന്റ് പത്രിക

ഗ്രാന്റ് പത്രിക ഹാജരാക്കിയിട്ടുണ്ട്. ഗ്രാന്റ് പത്രികയിൽ രേഖപ്പെടുത്തിയ തുക വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 132 | 5,07,69,814 | 106 | 3,81,04,115 | 1 | 26 | 105 | 80 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 9464232 | 9455097 | 99.9 |
| വെറ്റിനറിസർജൻ | 7 | 6 | 1425000 | 1364359 | 95.7 |
| മെഡിക്കൽ ഓഫീസർപിഎച്ച്സി | 9 | 7 | 2984270 | 2349005 | 78.7 |
| മെഡിക്കൽഓഫീസർ-ആയുർവേദം | 2 | 2 | 741600 | 741600 | 100 |
| എസ്.ഐ ഫിഷറീസ് | 4 | 4 | 1015400 | 379633 | 37.39 |
| വി ഇ ഒ | 16 | 14 | 11693231 | 7944145 | 67.9 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 5 | 3998786 | 3411912 | 85 |
| സെക്രട്ടറി | 27 | 22 | 3659671 | 2569156 | 70.2 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 41 | 30 | 14134524 | 8472066 | 60 |
| ഹെഡ്മാസ്റ്റർ | 6 | 5 | 761000 | 632048 | 83 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 546100 | 514094 | 94 |
| ഡെയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 346000 | 271000 | 78.3 |
| ആകെ | 132 | 106 | 50769814 | 38104115 | 75 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1978 | 3,25,526 | 3,27,504 | 3,27,504 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,69,80,463 | 1,69,80,463 | 1,69,80,463 | 0 |
| ആകെ | 1978 | 1,73,05,989 | 1,73,07,967 | 1,73,07,967 | 0 |

23.11.2017 ലെ സർക്കുലർ നമ്പർ ഡി ഡി 2/448/2017/എൽ എസ് ജി ഡി പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭരണച്ചെലവ് പദ്ധതിച്ചെലവിന്റെ 5% ൽ അധികരിക്കരുത്. 2021-22 സാമ്പത്തിക വർഷത്തെ ഭരണച്ചെലവിനായി ഗ്രാമപഞ്ചായത്തിൽ നിന്നും അഡ്വാൻസായി അനവദിച്ച തുക 10,44,920 രൂപയാണ്. ഇതിൽ കമ്പ്യൂട്ടർ, പ്രിന്റർ ഇവ വാങ്ങുന്നതിനായി ചെലവഴിച്ച 81742 രൂപയും ഉൾപ്പെടുന്നു. ഭരണച്ചെലവ് പദ്ധതിച്ചെലവിന്റെ 5% ൽ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6-1 റോഡ് / ഫുട്പാത്ത് കോൺക്രീറ്റ് പ്രവൃത്തികൾ- ആസ്തി രജിസ്റ്റർ പ്രകാരമുള്ള അളവുകളുമായി പൊരുത്തപ്പെടാത്തതും മറ്റ് അപാകങ്ങളും

1.ആസ്തി രജിസ്റ്ററിൽ നിന്നുള്ള വ്യതിയാനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ ആസ്തി നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രവൃത്തി നടപ്പാക്കിയ അളവുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ പ്രകാരമുള്ള അളവുകളുമായി (2019 വരെ മാത്രം കാലികമാക്കിയത്) പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആസ്തി രജിസ്റ്റർ പ്രകാരമുള്ള അളവുകൾ | നടപ്പിലാക്കിയ പ്രവൃത്തി | റിമാർക്സ് |
|---|---|---|---|---|
| 1 | മുള്ളൂൽ എം എൽ എ റോഡ് മുതൽ പട്ടുവം ഹൈസ്കൂൾ റോഡ്, മുള്ളൂൽ ഹരിജൻ കോളനി റോഡ് വരെ റോഡ് കോൺക്രീറ്റിംഗ് | 280മീ നീളം, 4 മീറ്റർ വീതി, മുഴവൻ നീളത്തിലും ടാർ ചെയ്തത് | 150മീറ്റർ നീളം , 3 മീറ്റർ വീതി- കോൺക്രീറ്റിംഗ് | മുഴവൻ നീളത്തിലും ടാർ ചെയ്ത റോഡിന്റെ കുറച്ച് ഭാഗം കോൺക്രീറ്റ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. |
| 2 | കാവുങ്കൽ മാണുക്കര നടപ്പാത കോൺക്രീറ്റ് | 400മീറ്റർ നീളം, 2 മീറ്റർ വീതി | 2.8 മുതൽ 5.4 മീറ്റർ വരെ വ്യത്യസ്ത വീതികളിൽ 172.8മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്തു. (എസ്റ്റിമേറ്റിൽ 180മീറ്റർ നീളം 2.8മീറ്റർ വീതി), റീച്ച് രേഖപ്പെടുത്തിയിട്ടില്ല | എസ്റ്റിമേറ്റിൽ ചെയ്യാൻ നിർദ്ദേശിച്ചത് 180മീറ്റർ നീളത്തിലും 2.8 മീറ്റർ വീതിയിലുമാണ്. ആസ്തി രജിസ്റ്റർ പ്രകാരം ലഭ്യമായ വീതി 2മീറ്റർ . ചെയ്ത അളവുകൾ ഇതുമായി പൊരുത്തപ്പെടുന്നില്ല. ബാക്കി സ്ഥലം വിട്ടുകിട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല |

2.മെറ്റീരിയൽ പ്രൊക്യൂർമെന്റ് – ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിച്ചു

31.03.12 ലെ സ ഉ(കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സഉ(കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ സാധനങ്ങളുടെ സംഭരണത്തിൽ പ്രസ്തുത ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭൂരിഭാഗം പ്രവൃത്തികളിലും സാധനങ്ങൾ വിതരണം ചെയ്തത് പട്ടുവം കൺസ്ട്രക്ഷൻസ് എൽ എൽ പി എന്ന സ്ഥാപനമാണ്. ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് റേറ്റിലോ 0.01% കുറഞ്ഞ നിരക്കിലോ സാധനങ്ങൾ വിതരണം ചെയ്യാമെന്ന ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഒരേ ദിവസത്തെ ടെണ്ടർ നോട്ടീസ് പ്രകാരമുള്ള പ്രവൃത്തികൾക്കായുള്ള സാധനങ്ങളുടെ ആവശ്യകത പോലും ഒരുമിച്ച് നിർണ്ണയിച്ച് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നത് ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് അളവുകൾ കണക്കാക്കാതിരുന്നതും അപാകമാണ്.

3.സിറ്റിസൻ ഇൻഫർമേഷൻ ബോർഡ്

സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മനീഷ് പി.വി, മയൂഖം ബിൽഡേഴ്സ് എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. എന്നാൽ ഏത് രീതിയിലുള്ള ബോർഡാണ് സ്ഥാപിക്കേണ്ടതെന്ന് നിർദ്ദേശിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ബോർഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതിരുന്നതും അപാകമാണ് (ചില ബോർഡുകളുടെ ഫോട്ടോയിൽ അരികുകൾ

പൊട്ടിപ്പോയതായി കാണാൻ സാധിച്ചു). കുറഞ്ഞത് പത്തു വർഷമെങ്കിലും അതേ രീതിയിൽ നിലനിൽക്കേണ്ടിയിരുന്ന ബോർഡുകൾ കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും സാങ്കേതിക മേൽനോട്ടത്തിലും സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4.പ്രൊക്യൂർമെന്റ് കമ്മിറ്റി

എം എൻ ആർ ഇ ജി എസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് അപൂർണ്ണമാണ്. 11.05.21 തീയതിയിൽ ചേർന്ന യോഗത്തിൽ 11 പ്രവൃത്തികൾക്ക് മെറ്റീരിയൽ വാങ്ങാൻ ടെണ്ടർ ക്ഷണിക്കാൻ ശുപാർശ ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു ശേഷം ചേർന്ന യോഗത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തീരുമാനങ്ങൾ മുഴുവനായും രേഖപ്പെടുത്താതെയും ക്ലോസ് ചെയ്യാതെയുമുള്ള അവസ്ഥയിലാണ് പ്രസ്തുത മിനുട്സ് ഉള്ളത്. അതിനു ശേഷം യോഗം ചേർന്നിട്ടില്ല.

5.റീച്ച് രേഖപ്പെടുത്തുന്നില്ല

വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ പദ്ധതി നടപ്പിലാക്കുന്ന അളവുകൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ കൃത്യമായ റീച്ച് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഉദാഹരണമായി , കയ്യം പഞ്ചലായി റോഡിൽ 130 മീറ്റർ നീളത്തിൽ ടാറിംഗ് പൂർത്തിയാക്കിയതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ റോഡിൽ തന്നെ 180 മീറ്റർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി ഓഡിറ്റ് വർഷം നടത്തിയിട്ടുണ്ടെങ്കിലും ഏത് റീച്ചിലാണ് പ്രവൃത്തി നടത്തിയതെന്ന് വ്യക്തമല്ല.

## 1-6-2 വർക്ക് ഷെഡ് നിർമ്മാണം- കുത്താട്- രേഖകൾ പരിശോധിക്കാതെ ആനുകൂല്യം നല്കി

അടങ്കൽ ₹259581

ചെലവ് ₹169088

മഹാത്മാ ബ്രിക്സ് യൂനിറ്റ് എന്ന സ്ഥാപനത്തിനു വേണ്ടി വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ശ്രീ കുഞ്ഞിരാമൻ വി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് (നിലം) വർക്ക് ഷെഡ് നിർമ്മിച്ചത്.

അഞ്ചു വർഷത്തേക്ക് സ്ഥലം (5.43 സെന്റ് ) ഉപയോഗിക്കുന്നതിനായി സമ്മതം നല്കിക്കൊണ്ട് ,സ്വയം സഹായ സംഘം സെക്രട്ടറി ശ്രീമതി പ്രസന്ന സി പി യും സ്ഥലമുടമയും തമ്മിൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

കരാർ വ്യവസ്ഥകളിൽ അഞ്ചുവർഷത്തിനു മുമ്പ് പ്രവർത്തനം നിർത്തുകയാണെങ്കിൽ ഷെഡിനായി ഉപയോഗപ്പെടുത്തിയ സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലായിരിക്കും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സിമന്റ് ചാന്തിൽ കല്ലു കെട്ടിയാണ് പ്രസ്തുത ഷെഡ് നിർമ്മിച്ചിട്ടുള്ളത്.

ഷെഡു നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ, ബിൽഡിംഗ് പ്ലാൻ , പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, സ്ഥാപനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 28/15.11.22) നല്കിയ മറുപടിയിൽ പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

നിലം കാറ്റഗറിയിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേകാനുമതി ലഭിച്ചിട്ടില്ല എന്നും അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യമായ അനുമതികൾ ലഭിച്ചിട്ടില്ല എന്നുമാണ് രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നത്. നിലവിൽ സംരംഭം പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ പെർമ്മിറ്റ് ലഭിക്കാതെയും ആവശ്യമായ അനുമതികൾ ഇല്ലാതെയും ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല.

## 1-6-3 ഭൂവികസന പ്രവർത്തനങ്ങൾ - രേഖകൾ പൂർണ്ണമല്ല

തരിശു ഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ, നീർത്തട വികസന പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളിൽ താഴെ പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

1.ഭൂവികസന പ്രവർത്തനങ്ങൾ നടത്തുന്ന ഭൂമിയിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായി, പ്രവൃത്തി നടത്തേണ്ട സർവ്വേ നമ്പർ വ്യക്തമായി രേഖപ്പെടുത്തിയ ഭൂവുടമകൾ നൽകിയ അപേക്ഷകൾ

2.ഭൂവുടമകളുടെ/കുടുംബാംഗങ്ങളുടെ ജോബ് കാർഡ് നമ്പർ, പ്രവൃത്തികളിൽ പങ്കാളികളാകുന്നുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ

3.എസ്റ്റിമേറ്റുകളിലോ എം ബുക്കിലോ സർവ്വേ നമ്പറോ സ്ഥലം തിരിച്ചറിയുന്നതിനുള്ള മറ്റു വിവരങ്ങളോ ഉൾപ്പെടുത്തുന്നില്ല.

4.തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി തയ്യാറാക്കിയ പ്രവൃത്തികളിൽ തരിശു ഭൂമിയാണെന്നതിനും കൃഷി ചെയ്തിട്ടുണ്ടെന്നതിനും കൃഷി ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം. രണ്ടു വർഷമായി കാടുകയറിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാൻ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കണം എന്ന കൃഷി ഓഫീസറുടെ അപേക്ഷയാണ് ഹാജരാക്കിയത്.

രേഖകൾ പരിശോധിക്കാതെയും ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഇല്ലാതെയും ആനുകൂല്യം നല്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7320 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 53,16,800 | 335 |
| വിധവാപെൻഷൻ | 97,16,500 | 622 |
| വാർദ്ധക്യകാലപെൻഷൻ | 1,66,83,700 | 1180 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 35,05,800 | 229 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 10,94,200 | 70 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- കണക്കുകൾ മുഴുവനായും ഉൾപ്പെടുത്താത്തത്

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഐ 6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകയാണ് മുൻ ഖണ്ഡികയിൽ ചേർത്തത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണത്തിനായി താഴെ പറയും പ്രകാരമുള്ള തുക 2021-22 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.(DBT Reports -ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയത്)

| പെൻഷൻ തരം | 2020-21ലെ പെൻഷൻ (*) | | 2020-21ലെ പെൻഷൻ വിതരണ ത്തിന് 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച തുക |
|---|---|---|---|
| | As On 31.03.21 | As On 31.03.22 | |
| കർഷക തൊഴിലാളി പെൻഷൻ | 54,98,900 | 80,73,300 | 25,74,400 |
| ദേശീയ വാർധക്യകാല പെൻഷൻ | 1,54,84,200 | 2,29,48,500 | 74,64,300 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 33,91,500 | 50,02,500 | 16,11,000 |
| അമ്പതുവയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 9,97,100 | 14,68,300 | 4,71,200 |
| വിധവാ പെൻഷൻ | 9053300 | 13509600 | 4456300 |

(*)പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏതൊക്കെ മാസങ്ങളിലെ തുകയാണ് 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച തുക തന്നെയാണോ ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.11.22 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7156 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ചുമതലാ വിഭജനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കുന്നതിലും കാലികമാക്കുന്നതിലും ഗുരുതരമായ വീഴ്ച്ച വരുത്തിയിട്ടുണ്ട്. 31.03.2019 വരെയുള്ള വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയതെന്നാണ് പഞ്ചായത്തിൽ നിന്ന് അറിയിച്ചതെങ്കിലും പ്രസ്തുത വിവരങ്ങളും തയ്യാറാക്കിയ പദ്ധതികളിലെ വിവരങ്ങളും പൊരുത്തപ്പെടാത്ത സാഹചര്യമാണുള്ളത്. ആസ്തിരജിസ്റ്റർ കുറ്റമറ്റതാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക സ്റ്റോക്ക് റിപ്പോർട്ട്

വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് (എസ്റ്റിമേറ്റ് തുക, ടെണ്ടർ ഫോറം വില ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയത്) .

പദ്ധതി മോണിറ്ററിംഗ്

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച ചർച്ചകളും പദ്ധതി അവലോകനവും അജണ്ടയായി വരുന്നില്ല എന്നത് അപാകമാണ്. പദ്ധതി നിർദ്ദേശങ്ങൾ നല്കിയതിനു ശേഷമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നാണ് മിനുട്സിൽ നിന്നും വ്യക്തമാകുന്നത്.

ബജറ്റ് നിർദ്ദേശങ്ങൾ

സ്റ്റാൻഡിംഗ് കമ്മറ്റികളിൽ അതാത് സ്റ്റാൻഡിംഗ് കമ്മറ്റികളുടെ കീഴിൽ വരുന്ന ഘടക സ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അംഗീകരിക്കുകയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിലേക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല എന്നാണ് മിനുട്സുകളിൽ നിന്നും വ്യക്തമാകുന്നത്.

ഗ്രാമസഭ

പതിമൂന്ന് വാർഡുകളിലും 2022 ജനുവരിയിൽ ഒരു തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്.

## 1-10 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും മറ്റ് അപാകങ്ങളും

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് (സചിത്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ) ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനു ശേഷം നടത്തിയ പ്രവൃത്തികളുടെയും ആർജ്ജിച്ച ആസ്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ഗ്രാമപഞ്ചായത്ത് പരിധിയിൽ സംയുക്ത പദ്ധതിയായല്ലാതെ ഏതെങ്കിലും ആസ്തി നിർമ്മാണം നടത്തിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (3/8.11.22) മറുപടിയിൽ അറിയിച്ചത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ പ്രവൃത്തികൾ നടത്താൻ കഴിയില്ല എന്നതിനാൽ മറുപടി തൃപ്തികരമല്ല. ഇത്തരത്തിൽ ഏതെങ്കിലും ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പലപ്പോഴും പൊതുമരാമത്ത് പ്രവൃത്തികൾക്കു വേണ്ടി എൽ എസ് ജി ഡി വിഭാഗവും എം എൻ ആർ ഇ ജി എസ് വിഭാഗവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടാത്ത സാഹചര്യമാണ് നിലനില്ക്കുന്നത്. ഭൗതിക പരിശോധനയിലൂടെയും സ്ഥലം കൈമാറിക്കിട്ടിയ രേഖകളുടെ അടിസ്ഥാനത്തിലും ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കുറ്റമറ്റതാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭൂനികുതി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് നാളിതു വരെയും അടിസ്ഥാന നികുതി ഒടുക്കിയിട്ടില്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (2/8.11.22) അറിയിച്ചത്. ഭൂനികുതി ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി അപാകങ്ങൾ

1.എഫ്.ടി.ഇ & ഒ .എസ് ലൈസൻസെടുത്ത വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം (ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | സഞ്ചയയിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 10/85 | ഇബ്രാഹിം പി | തട്ടുകട | നികുതി,ഉപനികുതി ഒഴിവാക്കിയ കെട്ടിടം |

| | | | | |
|---|---|---|---|---|
| 53 | 6/169 | രത്നാകരൻ | പപ്പടം യൂണിറ്റ് | പാർപ്പിടാവശ്യം |
| 176 | 2/237 A | മുഹമ്മദ് കുഞ്ഞി | അനാദികച്ചവടം | പാർപ്പിടാവശ്യം |

2. എഫ്.ടി.ഇ & ഒ .എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനത്തിന്റെ വിവരം സഞ്ചയസോഫ്റ്റ്വെയറിൽ ലഭ്യമല്ല

| ക്രമനം (ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 20 | 10/87 B | പ്രതാപൻ ഇ വി | കോഴിഫാം |

3.2021-22 വർഷം കെട്ടിട നമ്പർ (6/23 B) അനുവദിച്ച ശ്രീ മുഹമ്മദ് അഷ്റഫ് എന്നയാളുടെ ഫീൽഡ് പരിശോധനാ റിപ്പോർട്ടിൽ അയാളുടെ തന്നെ ഉടമസ്ഥതയിലുള്ള തൊട്ടടുത്ത കെട്ടിടത്തിന്റെ (6/23 A) വിസ്തീർണ്ണം 415.07 M2 ഉണ്ടെന്നും (സമർപ്പിച്ച പ്ലാൻ പ്രകാരവും ഇതേ അളവാണ്) എന്നാൽ സഞ്ചയ പ്രകാരം 288 M2 മാത്രമാണെന്നും ആയതിനാൽ അധിക നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നോട്ടീസ് അയക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചും ക്രമനമ്പർ 1, 2 ഇവയിൽ പരാമർശിച്ച അപാകങ്ങൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/19.11.2022) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് പരിശോധന നടത്തി മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർനടപടി അറിയിക്കേണ്ടതുമാണ്.

## 1-12 തനത് വരുമാനവർദ്ധനവിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 13 മുറികളിൽ ഒരു മുറി മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്ത് ആയതിനാൽ ഇപ്രകാരം മുറികൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമൊഴിവാക്കി മുറികളിൽ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ളതും നിഷ്ക്രിയമായി കിടന്നിരുന്നതുമായ രണ്ട് മത്സ്യ ബണ്ടുകളിൽ നിലവിൽ കുത്താട് ബണ്ട് പാട്ടത്തിന് നൽകുന്നുണ്ട്. മുതുകട ചെമ്മീൻ ബണ്ടിൽ നിന്നുള്ള വരുമാന സാധ്യത പരിശോധിക്കേണ്ടതാണ്.(2019-20 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17 കാണുക)

നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് എടുക്കുകയും പെർമിറ്റ് കാലാവധി കഴിഞ്ഞും പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പെർമിറ്റെടുക്കാതെ അധിക നിർമ്മാണം നടത്തുന്നുണ്ടോ എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്.

## 1-13 സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിനു മുമ്പ് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു

05.11.2020 ലെ ജി.ഒ (പി)നം 152/2020/ഫിൻ പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ പ്രസ്തുത നിയന്ത്രണങ്ങൾ സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുമ്പു തന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ (വൗച്ചർ നം.22100144/9.6.21-₹269065) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്ന് ഓഫീസ് അറ്റന്റന്റ് ഒഴികെയുള്ള ജീവനക്കാർക്ക് അനുവദിച്ച ലീവ് സറണ്ടറിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | അനുവദിച്ച തുക |
|---|---|---|---|
| 1 | രവീന്ദ്രൻ.യു.വി | അക്കൗണ്ടന്റ് | 57054 |
| 2 | പ്രേംചന്ദ്.സി.പി | ഹെഡ് ക്ലർക്ക് | 57054 |
| 3 | സീന.എം. | സീനിയർ ക്ലർക്ക് | 43623 |
| 4 | രാധാമണി.എ | സീനിയർ ക്ലർക്ക് | 42513 |
| 5 | സുനിത.കല്ലിങ്കീൽ | ക്ലർക്ക് | 30304 |
| | | | 230548 രൂപ |

ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ TRY/1850/2021-E1 നമ്പർ കത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ സംബന്ധിച്ച് സർക്കാരിൽ നിന്നും പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ടായിരുന്നതിനാൽ സംസ്ഥാനത്തെ ട്രഷറികളിൽ നിന്ന് ആർജ്ജിതാവധി സറണ്ടർ ബില്ലുകൾ മാറി നല്കിയിരുന്നില്ല .

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലനില്ക്കുന്നതിനാൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുമ്പ് തന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/2021-22/9.11.22) ധനകാര്യ (രഹസ്യ) വകുപ്പിന്റെ 05.11.2020 തീയതിയിലെ സ.ഉ(അ)നം.152/2020/ധന നമ്പർ ഉത്തരവ് പ്രകാരമാണ് ആർജിതാവധി സറണ്ടർ അനുവദിച്ചതെന്നാണ് മറുപടി നൽകിയിരിക്കുന്നത്.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിനാൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഐ.കെ.എമ്മിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 9/22 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹41000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക | ₹41000, 5/1.06.2021 |

ഐ കെ എം പ്രവർത്തനങ്ങൾക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി ₹ 41000 ഐ.കെ.എം ന്റെ പേരിലുള്ള എസ് ബി ഐ അക്കൗണ്ട് നമ്പർ 57047023512 IFSC SBIN0070690 ലേക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 40/18.11.22 ന് നല്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം നല്കുന്നതിനായി ഐ കെ എം ന് കത്തു നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 ക്ഷാമബത്താ കുടിശിക നല്കിയതിലെ അപാകങ്ങൾ

ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം, 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് വൗച്ചർ നമ്പർ 22100251/16.07.21, 22100252/16.07.21 എന്നിവ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിൽ പ്രീ റിവൈസ്ഡ് സ്കെയിലിൽ 01/2020 മുതലുള്ള 32% കുടിശ്ശികയും 07/2020 മുതലുള്ള 36% കുടിശ്ശികയും ഉൾപ്പെടുന്നു.
ശമ്പള പരിഷ്കരണ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരം റിവൈസ്ഡ് സ്കെയിലിലുള്ള ക്ഷാമബത്താ കുടിശിക എന്ന നിലയിൽ ശമ്പള പരിഷ്കരണത്തെ തുടർന്നുള്ള ക്ഷാമബത്താ കുടിശിക വൗച്ചർ നമ്പർ 221000254/16.07.21(45662രൂ) 221000255/16.07.21(10902രൂ) എന്നിവ പ്രകാരവും ജീവനക്കാരുടെ പിഎഫ് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തെ തുടർന്നുള്ള കുടിശിക മുഴുവനായും കണക്കാക്കുകയും ക്ഷാമബത്താ കുടിശികയായി മേൽപ്പറഞ്ഞ തുക ജീവനക്കാരുടെ പി എഫ് അക്കൗണ്ടുകളിലേക്കും ബാക്കി തുക ബാധ്യതാ ഹെഡിലേക്കും ( ബി 9 ഷെഡ്യൂൾ) മാറ്റുകയുമാണ് ചെയ്തത്. എന്നാൽ 36% വരെയുള്ള കുടിശിക അനുവദിച്ച ശേഷം, റിവൈസ്ഡ് സ്കെയിലിൽ കുടിശിക കണക്കാക്കുമ്പോൾ കുടിശ്ശിക ക്ഷാമബത്തയിനത്തിൽ നെഗറ്റീവ് തുകയാണ് ലഭിക്കുക. കുടിശ്ശികയായി കാണിച്ച തുക ശമ്പള പരിഷ്കരണ കുടിശികയുടെ ഭാഗമായി വരുന്നതായിരിക്കാനാണ് സാധ്യത. കുടിശിക കണക്കാക്കിയതിലും അവ്യക്തതയുണ്ട്.

ജി.ഒ(പി)25/2021/ധന തീയതി 08-02-2021, ഖണ്ഡിക 43 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികക്ക് 25% ന്റെ 4 ഗഡുക്കളായി 01-04-2023, 01-10-2023, 01-04-2024, 01-10-2024 തീയതികളിൽ പി എഫിൽ ലയിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അതുകൊണ്ടു തന്നെ ശമ്പള പരിഷ്കരണത്തെ തുടർന്നു വരുന്ന കുടിശികയുടെ ഒരു ഭാഗം

നേരത്തെ അനുവദിച്ചത് ശരിയല്ല. കൃത്യമായ ഡ്യൂ ഡ്രോൺ പത്രിക തയ്യാറാക്കി നേരത്തെ ക്രമീകരിക്കേണ്ടതും സേവനപുസ്തകങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-16 നെൽ കൃഷി വികസനം ₹82620-തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| പ്രൊജക്ട് നം. | 46/22 |
| പ്രൊജക്ടിന്റെ പേര് | നെൽ കൃഷി വികസനം |
| അടങ്കൽ<br>₹7599580 | ₹ 1049580 വികസന ഫണ്ട് ,₹ 850000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 1700000 ജില്ലാ പഞ്ചായത്ത് വിഹിതം , ₹ 4000000 ഗുണഭോക്തൃ വിഹിതം |
| ചെലവ്<br>₹7599580 | ₹ 1049580 വികസന ഫണ്ട് ,₹ 850000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 1700000 ജില്ലാ പഞ്ചായത്ത് വിഹിതം , ₹ 4000000 ഗുണഭോക്തൃ വിഹിതം(നേരിട്ടുള്ളത്) |
| ബിൽ നം/തീയ്യതി/തുക | 42/2.9.2021/₹ 299370. – വികസന ഫണ്ട്<br>41/1.9.2021/₹ 299370. – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>121/27.11.2021/₹ 297585. – വികസന ഫണ്ട്<br>120/24.11.2021/₹ 297585. – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>21190352006600478528./5.10.2021/₹ 253045. – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>74/28.8.2021/₹ 253045. – വികസന ഫണ്ട്<br>130/2.12.2021/₹ 1700000 – ജില്ലാ പഞ്ചായത്ത് വിഹിതം<br>21190352006600803611/16.12.2021/₹ 199580. – വികസന ഫണ്ട് |

മേൽ പദ്ധതിയുടെ ഭാഗമായി നെൽകൃഷിക്ക് വിത്തും, കൂലി ചെലവും നൽകിയതിൽ കൂലി ചെലവ് ഇനത്തിൽ ധനകാര്യ സ്ഥാപനമായ പട്ടുവം സർവീസ് സഹകരണ ബാങ്കിന്റെ പേരിലുള്ള 1003006000037എന്ന അക്കൗണ്ട് നമ്പറിൽ 82620 രൂപ (120/24.11.2021/₹ 297585 ൽ നിന്ന് 41310രൂപയും, 121/27.11.2021/₹297585 ൽ നിന്ന് 41310രൂപയും) അനുവദിച്ചത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കുവാനും, പാട്ടകൃഷിയാണ് നടത്തിയതെങ്കിൽ കൃഷിചെയ്യാനനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയ ഉടമസ്ഥന്റെ സമ്മതപത്രം,നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് എന്നിവ പരിശോധനക്കായി ഹാജരാക്കുവാനും,ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.45/2021-22/18.11.2022) നൽകിയ മറുപടിയിൽ പ്രസ്തുത വിഷയത്തിനുള്ള വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല.

നാമമാത്ര ചെറുകിട കർഷകർ, കർഷക കൂട്ടായ്മ/ഗ്രൂപ്പുകൾ, ജെ.ൽ.ജി.-കൾ, പാടശേഖര സമിതികൾ, സ്വയംസഹായ സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ യുജന ക്ലബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ആനുകൂല്യം അനുവദിക്കാമെന്നാണ് സ.ഉ(സാധാ)നം.1009/2020/ത.സ്വ.ഭ.വ-തീയ്യതി-29.5.2020-ലെ മാർഗ്ഗ രേഖാ നിർദ്ദേശങ്ങളിൽ പറയുന്നത്. ആയത് പാലിക്കാതെയാണ് ധനകാര്യ സ്ഥാപനമായ പട്ടുവം സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിന് തുക അനുവദിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലെ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ചെലവഴിച്ച 82620രൂപ

തടസ്സപ്പെടുത്തുന്നു.

## 1-17 തരിശുനെൽകൃഷി-₹173000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| പ്രൊജക്ട് നം. | 44/22 |
| പ്രൊജക്ടിന്റെ പേര് | തരിശുനെൽകൃഷി. |
| അടങ്കൽ<br>₹473000 | ₹47000 വികസന ഫണ്ട് ,₹42000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹84000 ജില്ലാ പഞ്ചായത്ത് വിഹിതം,<br>₹300000 ഗുണഭോക്തൃ വിഹിതം |
| ചെലവ്<br>₹473000 | ₹47000 വികസന ഫണ്ട് ,₹42000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹84000 ജില്ലാപഞ്ചായത്ത് വിഹിതം,₹300000 ഗുണഭോക്തൃ വിഹിതം നേരിട്ടുള്ളത് |
| ബിൽനം/ തീയ്യതി/തുക | 133/9.12.2021/₹42000<br>132/7.12.2021/₹47000.<br>142/19.12.2021/₹84000. |

(എ) നെല്ല് ഉദ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി നടപ്പലാക്കിയ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ പാട്ടകൃഷി നടത്തിയവരുടെ കാര്യത്തിൽ കൃഷി ചെയ്യാനനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയ ഉടമസ്ഥന്റെ സമ്മതപത്രം,നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

(ബി)മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയാണെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ആയതിന് തരിശു ഭൂമിയാണെന്ന് കൃഷി ഓഫീസർക്ക് ബോധ്യപ്പെട്ടാൽ മതിയെന്നും സാക്ഷ്യപത്രം ആവശ്യമില്ലെന്നുമാണ് മറുപടി നല്കിയത്. മറുപടി തൃപ്തികരമല്ല.

(സി)മേൽ പദ്ധതിയുടെ ഭാഗമായി ധനകാര്യ സ്ഥാപനമായ പട്ടുവം സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിന്റെ പേരിലുള്ള 1003006000037 എന്ന അക്കൗണ്ട് നമ്പറിൽ 35000 രൂപ (യഥാക്രമം ബിൽ നമ്പർ 132/9.12.21/₹47000, 133/9.12.21 /₹42000, 142/19.12.21/₹84000 എന്നിവയിൽ ഉൾപ്പെട്ട തുക) (₹8750+8750+17500) അനുവദിച്ചത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.46/2021-22/18.11.2022) നൽകിയ മറുപടി തൃപ്തികരമല്ല.

സ.ഉ(സാധാ)നം.1009/2020/ത.സ്വ.ഭ.വ-തീയ്യതി-29.5.2020-ലെ മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനകാര്യ സ്ഥാപനമായ പട്ടുവം സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിന് 35000രൂപ അനുവദിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലെ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ചെലവഴിച്ച 35000രൂപ തടസ്സപ്പെടുത്തുന്നു.

ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ അവശേഷിക്കുന്ന 138000 രൂപയുടെ(173000-35000) ചെലവും തടസ്സത്തിൽ വെക്കുന്നു.

## 1-18 സുഭിക്ഷ കേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി(പടുതാക്കുളം)-മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, പട്ടുവം ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ/പേര് | 61/22/സുഭിക്ഷ കേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (പടുതാക്കുളം) |
| അടങ്കൽ<br>₹369000 | ₹49200-വികസനഫണ്ട് ,₹49200-സംസ്ഥാനാവിഷ്കൃത വിഹിതം,₹49200- ജില്ലാപഞ്ചായത്ത് വിഹിതം, ₹221400 - ഗുണഭോക്തൃവിഹിതം |

| | |
|---|---|
| ചെലവ് ₹178945 | ₹27424-വികസനഫണ്ട് ,₹27423- ജില്ലാപഞ്ചായത്ത് വിഹിതം, ₹124098 – ഗുണഭോക്തൃവിഹിതം |
| ബിൽ നം/തീയ്യതി/തുക | 2119035201000l316667/14.3.2022/₹9337<br>211903520100013l6639/14.3.2022/₹9337<br>2119035201000l450104/25.3.2022/₹18087<br>2119035201000l509709/30.3.2022/₹18086 |

